# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 935** **10.06.2019 ലെ മറുപടി**

### ജലാശായങ്ങളും കുടിവെള്ള സ്രോതസ്സുകളും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പമന്ത്രി)** |
| (എ) ജലാശായങ്ങളും കുടിവെള്ള സ്രോതസ്സുകളും മലിനപ്പെടുത്തുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് കേരളത്തിൽ നിയമമുണ്ടോ; ഉണ്ടെങ്കിൽ ഈ നിയമപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ; | (എ) ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളും മലിനപ്പെടുത്തുന്ന വർക്കെതിരെ നടപടിയെടുക്കുന്നതിന് ചുവടെ പറയുന്ന നിയമങ്ങൾ കേരളത്തിൽ നിലവിലുണ്ട്.<br>i. വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്, 1974.<br>ii. കേരള പഞ്ചായത്തിരാജ് ആക്ട്, 1994<br>iii. കേരള നഗരപാലിക ആക്ട്, 1994<br>iv. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട്, 2018<br>ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന |

സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതിയുടെ പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്

(ബി) ഇതു പ്രകാരം കേരളത്തിൽ ആവശ്യമായ പരിശോധനയും ശിക്ഷാനടപടികളും ഉണ്ടാകുന്നുണ്ടോയെന്ന് വിശദമാക്കാമോ?

(ബി) കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമപ്രകാരം രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**